**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 524** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലപ്പുഴ കാപ്പിത്തോടിൻെറ ശുദ്ധീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ ചുങ്കം തോട്ടിൽ നിന്നാരംഭിച്ച് പുന്നപ്ര വടക്ക്, തെക്ക്, അമ്പലപ്പുഴ വടക്ക്, തെക്ക്, പഞ്ചായത്തുകളിലൂടെ കിഴക്ക് പൂക്കൈതയാറിൽ പതിക്കുന്ന കാപ്പിത്തോടിൻെറ ശുദ്ധീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ആലപ്പുഴ ടൗൺ കനാലിന്റെ പുനരുദ്ധാരണ പ്രവർത്തങ്ങളുടെ ഭാഗമായി കാപ്പിത്തോടിന്റെ ആലപ്പുഴ കളർകോട് നിന്നും പൂക്കൈതയാർ വരെയുള്ള ഏകദേശം 12.800Km നീളത്തിലുള്ള പുനരുദ്ധാരണ പ്രവൃത്തികൾ കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (KIIDC) നിർവ്വഹിക്കുകയും 09/06/2025 തിയതിയിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തോടിന്റെ നവീകരണവും ആഴംകൂട്ടലും വശങ്ങളുടെ സംരക്ഷണവും തോടിനു കുറുകെ 6 കൾവെർട്ടുകളുടെ നിർമ്മാണവുമാണ് ഏകദേശം 5.22 കോടി രൂപ ചെലവിൽ KIIDC നടപ്പിലാക്കിയത്.

**(ബി)** നിലവിൽ പരിസ്ഥിതിയ്ക്ക് ദോഷം വരുത്തുന്ന കാപ്പിത്തോടിൻെറ അവസ്ഥ പരിഹരിച്ച് പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**